LIBRARY ARCHIVES Kerala Legislative Assembly

സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. അൺ എയ്ഡഡ് സ്കൂളുകൾ

36 (1112) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സി. ബി. എസ്. ഇ., ഐ. സി. എസ്. ഇ. അൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത സ്കൂളുകളിൽ എത്ര കുട്ടികളും അദ്ധ്യാപകരും ഉണ്ട്; വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര സി. ബി. എസ്. ഇ., ഐ. സി. എസ്..ഇ. അൺ എയ്ഡഡ് സ്കൂളുകൾ ആരംഭിക്കുന്നതിന് എൻ.ഒ.സി നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച വിവരം അനുബന്ധം (1) ആയി ചേർക്കുന്നു.

(ബി) 555 സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., സ്കൂളുകൾക്ക് എൻ.ഒ.സി. നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം (2) ആയി ചേർക്കുന്നു.*

കെ.ഇ.ആർ. നിയമത്തിലെ ഭേദഗതി

37 (1113) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് സ്കൂൾ അടച്ച് പൂട്ടുന്നതിനായി മാനേജർമാർ നോട്ടീസ് നൽകുന്ന പ്രവണത വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചട്ടങ്ങളിൽ ഇതിനനുകൂലമായ വ്യവസ്ഥയുള്ളത് കാരണം പല മാനേജർമാരും ഹൈക്കോടതിയിൽ നിന്നും അനുകൂല വിധി നേടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പാർലമെന്റ് പാസ്സാക്കിയ വിദ്യാഭ്യാസ അവകാശ നിയമത്തിലെ വകുപ്പുകളെ അടിസ്ഥാനമാക്കി, സ്കൂൾ അടച്ച് പൂട്ടുന്നതിന് മാനേജർക്ക് അധികാരം നൽകുന്ന കെ. ഇ. ആർ. നിയമത്തിലെ വകുപ്പുകൾ ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് സ്കൂൾ പൂട്ടണമെന്ന വിധി പ്രസ്താവം വന്ന സാഹചര്യത്തിൽ അതിന് മുമ്പായി പ്രസ്തുത വിഷയത്തിൽ നടപടി സ്വീകരിയ്ക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.